**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5414** **21-03-2025 - ൽ മറുപടിയ്ക്ക്**

**മൂർക്കനാട് ഡയറിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൂർക്കനാട് ഡയറിയും പാൽപ്പൊടി നിർമ്മാണ യൂണിറ്റും സംസ്ഥാനത്തെ ക്ഷീര വികസന മേഖലയ്ക്ക് ഏതെല്ലാം രീതിയിൽ ഗുണകരമാവുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മലബാർ യൂണിയനു കീഴിൽ കോഴിക്കോട്, വയനാട്, കാസർഗോഡ്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഡെയറി പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ മാത്രമായിരുന്നു യൂണിയന് ഡെയറി പ്ലാന്റ് ഇല്ലാതിരുന്നത്. അതിനാൽ മലപ്പുറം ജില്ലയിൽ നിന്നുള്ള പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വേണ്ടിയുമാണ് മലപ്പുറം ജില്ലയിൽ മലബാർ മിൽമ ഡെയറി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 2018, 2019 എന്നീ വർഷങ്ങളിലെ പ്രളയ കാലത്തും കോവിഡ് കാലഘട്ടത്തിലും ക്ഷീരമേഖല നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു ഉയർന്ന അളവിൽ സംഭരിച്ച പാലിന്റെ കൈകാര്യം ചെയ്യൽ. കേരളത്തിൽ പാൽപ്പൊടി ഫാക്ടറി ഇല്ലാത്തതിനാൽ പാൽ അയൽ സംസ്ഥാനങ്ങളിൽ അയച്ച് പാൽപ്പൊടിയാക്കി മാറ്റുന്നതിന് വലിയ പ്രതിസന്ധി നേരിട്ടിരുന്നു. ഇത്തരത്തിൽ ഏത് പ്രതിസന്ധി ഘട്ടത്തിലും പാൽ സംഭരണം നിർത്തി വെയ്ക്കാതിരിക്കുന്നതിനുള്ള പ്രതിവിധി എന്ന നിലയിലും, പാൽപ്പൊടി അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത മുൻ നിർത്തിയുമാണ് അന്താരാഷ്ട്ര ഗുണനിലവാരമുള്ള പാൽപ്പൊടി നിർമ്മിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ഒരു പാൽപ്പൊടി നിർമ്മാണ ഫാക്ടറി മലപ്പുറം ജില്ലയിലെ മൂർക്കനാട് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. |
| (ബി) | നാളിതുവരെ എന്തെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും നിലവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും | (ബി) | പാൽ സംസ്കരണ ശാലയുടെയും പാൽപ്പൊടി നിർമ്മാണശാലയുടെയും പ്രവർത്തനം പൂർണതോതിൽ ആരംഭിക്കാനുള്ള ട്രയൽ റൺ അടക്കമുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതുവരെ മേൽപ്പറഞ്ഞ രണ്ട് പ്ലാന്റും |

| | | | |
|---|---|---|---|
| | നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | | സ്ഥാപിക്കുന്നതിന് 114.6826 കോടി രൂപ ചെലവ് വന്നിട്ടുണ്ട്. ഇതിൽ 15 കോടി രൂപ കേരള സർക്കാർ ധനസഹായവും 32.72 കോടി രൂപ RIDF ധനസഹായവും ബാക്കി തുക മലബാർ മേഖലാ യൂണിയന്റെ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണ്. ഭാവിയിൽ ഈ പ്ലാന്റിൽ നിന്നുള്ള അധികവരുമാനം ക്ഷീരകർഷകർക്ക് ഗുണകരമാവുമെന്നാണ് കരുതുന്നത്. ചെലവാക്കിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>2021 മാർച്ച് മാസം വരെ - 2575.96 ലക്ഷം രൂപ<br><br>2021-22 - 440.76 ലക്ഷം രൂപ<br><br>2022-23 - 4754.83 ലക്ഷം രൂപ<br><br>2023-24 - 3049.05 ലക്ഷം രൂപ<br><br>2024-25 - 647.66 ലക്ഷം രൂപ<br><br>ആകെ - 114.6826 കോടി രൂപ |
| (സി) | പ്രസ്തുത യൂണിറ്റിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നത്; ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഏത് രീതിയിൽ തുക വകയിരുത്താൻ കഴിയുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കുമോ? | (സി) | പാൽപ്പൊടി നിർമ്മാണശാലയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം 01.04.2025 മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. പാൽ സംസ്കരണശാലയുടെ കമ്മിഷനിംഗ് ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ നെയ്യ്, തൈര്, കപ്പ് കേർഡ്, ഫ്ളേവേർഡ് മിൽക്ക് എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ വാങ്ങി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ഏകദേശം 300 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഫ്ളേവേർഡ് മിൽക്കിന്റെ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായി കേരള സർക്കാരിന്റെ വാർഷിക പദ്ധതിയിൽ നിന്നോ മലബാർ യൂണിയന്റെ തനതു ഫണ്ടിൽ നിന്നോ മേൽ ചെലവ് വഹിക്കുന്നതിനുള്ള തുക കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ